**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5078** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂപരിപാലന രംഗത്ത് 'നക്ഷ' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം നൗഷാദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂപരിപാലന രംഗത്ത് നടപ്പാക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും ലോകോത്തര മാതൃകകളായി അംഗീകരിക്കപ്പെടുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഭൂപരിപാലന രംഗത്ത് നടപ്പാക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും ലോകോത്തര മാതൃകകളായി അംഗകരിക്കപ്പെടുന്ന രീതിയിലാണ് ഡിജിറ്റൽ സർവെ സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ടി പദ്ധതി പ്രകാരം നാളിതുവരെ 261 വില്ലേജുകളുടെ 9(2) പ്രഖ്യാപനം പൂർത്തിയാക്കിയിട്ടുള്ളതും, കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലെ ഉജാർ-ഉൾവാർ വില്ലേജിന്റെ സെക്ഷൻ 13 പ്രസിദ്ധീകരിച്ച് ILIMS പോർട്ടലിലൂടെ, ടി വില്ലേജിന്റെ തുടർ സേവനങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.ഏറെ വികസിച്ചിട്ടുള്ള ലോക രാജ്യങ്ങൾക്കിടയിൽ പോലും വിരലിലെണ്ണാവുന്നയിടങ്ങളിൽ മാത്രമാണ് പൂർണ്ണമായ രീതിയിൽ ഡിജിറ്റൽ ലാന്റ് സർവെ മാപ്പും സമഗ്ര ഭൂരേഖാ മാനേജ് മെന്റ് പോർട്ടൽ സംവിധാനവും നിലവിലുള്ളത്. ഭൂരേഖാ പരിപാലനത്തിലെ അഭൂതപൂർവമായ ഈ നേട്ടത്തോടെ കേരളം ഈ രംഗത്ത് ലോകനിലവാരത്തിലേക്ക് ഉയർന്നിരിക്കുകയാണ്. സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവെ പദ്ധതിയെന്ന മാതൃകയെ പറ്റി കൂടുതൽ മനസിലാക്കുന്നതിനും സാങ്കേതിക സഹായത്തിനുമായി നിരവധി സംസ്ഥാനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്. |
| (ബി) | ഭൂപരിപാലന രംഗത്ത് 'നക്ഷ' പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 'നക്ഷ' പദ്ധതി സംസ്ഥാനത്ത് നടക്കുന്ന ഡിജിറ്റൽ സർവെയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തിരുമാനിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തി “Scheme for Special Assistance to States for Capital Investment 2024-25” എന്ന പദ്ധതിയിൽ Part VIII (Incentives for Land-reforms by State |

| | | | |
|---|---|---|---|
| | | | Government in Urban Areas) -ൽ ഉൾപ്പെടുത്തി 152 മുൻസിപ്പാലിറ്റികളുടെ സർവെ പ്രവർത്തനങ്ങൾ നക്ഷ പദ്ധതി എന്ന പൈലറ്റ് പ്രോജക്ട് രാജ്യത്ത് ആരംഭിച്ചിട്ടുള്ളതാണ്. മുൻസിപ്പാലിറ്റികളിൽ ഉൾപ്പെട്ട ലാൻഡ് റെക്കോർഡുകളുടെ കൃത്യത, നാളതീകരണം, പ്രോപ്പർട്ടി ടാക്സ് കളക്ഷൻ, സുതാര്യമായ ലാൻഡ് ഇടപാടുകൾ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് നക്ഷ പദ്ധതി ലക്ഷ്യമിടുന്നത്. നക്ഷ പദ്ധതി പ്രകാരം കേരളത്തിൽ 10 മുൻസിപ്പാലിറ്റികൾ (തിരുവനന്തപുരം ജില്ലയിൽ - നെയ്യാറ്റിൻകര & ആറ്റിങ്ങൽ, കൊല്ലം ജില്ലയിൽ - പുനലൂർ, ആലപ്പുഴ ജില്ലയിൽ - ഹരിപ്പാട്, കോട്ടയം ജില്ലയിൽ - വൈക്കം, മലപ്പുറം ജില്ലയിൽ - പൊന്നാനി & പെരിന്തൽമണ്ണ, കോഴിക്കോട് ജില്ലയിൽ - വടകര, കണ്ണൂർ ജില്ലയിൽ തലശ്ശേരി, കാസറഗോഡ് ജില്ലയിൽ -കാസറഗോഡ് മുൻസിപ്പാലിറ്റി) ഉൾപ്പെട്ട 231.91 Sq.km ഏരിയ ഉൾപ്പെട്ടുവരുന്നു. ഇപ്രകാരം ഉൾപ്പെട്ടിട്ടുള്ള മുൻസിപ്പാലിറ്റികളിൽ പുനലൂർ, വൈക്കം, കാസറഗോഡ്, പൊന്നാനി, വടകര എന്നി മുൻസിപ്പാലിറ്റികളുടെ ഏരിയ ഉൾപ്പെട്ട വില്ലേജുകളുടെ സർവെ പ്രവർത്തനങ്ങൾ ഡിജിറ്റൽ സർവെയിൽ ഉൾപ്പെടുത്തി 9(2) പ്രഖ്യാപനം പൂർത്തികരിച്ചിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന്റെ നേട്ടങ്ങൾ പഠിക്കുന്നതിനായി വിവിധ സംസ്ഥാന സംഘങ്ങൾ ഇവിടേക്കെത്തുന്നുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് പുരോഗമിക്കുന്ന ഡിജിറ്റൽ സർവെയുടെ സാങ്കേതിക വിവരങ്ങൾ മനസ്സിലാക്കുന്നതിനും വിവരശേഖരണത്തിനുമായി അസ്സം, ആന്ധ്രാപ്രദേശ്, തമിഴ്നാട്, ലക്ഷദ്വീപ്, പുതുച്ചേരി എന്നീ സംസ്ഥാനങ്ങളിൽ നിന്നും വിശദാംശം തേടിയിട്ടുണ്ട്. ഡിജിറ്റൽ സർവെയെ സംബന്ധിച്ചുള്ള ഫീൽഡ്/ഓഫീസ് ജോലികളെ കുറിച്ച് പഠിക്കുന്നതിന് പുതുച്ചേരിയിൽ നിന്നുള്ള സർവെ ജീവനക്കാർ ഉൾപ്പെട്ട 30 അംഗ ടീമിന്റെ പരിശീലനം സർവെ വകുപ്പ് മുഖാന്തരം പൂർത്തീകരിച്ചിട്ടുള്ളതാണ്. രാജ്യത്തിനും ലോകത്തിനും തന്നെ മാതൃകയായ ഡിജിറ്റൽ സർവെ പദ്ധതി അതിന്റെ പൂർണ്ണമാന അർത്ഥത്തിൽ പരിചയപ്പെടുത്തുന്നതിനായി നാഷണൽ കോൺക്ലേവ് ഓൺ ഡിജിറ്റൽ സർവെ & ഇന്റഗ്രേറ്റഡ് പോർട്ടൽ തിരുവനന്തപുരത്ത് വച്ച് ഈ വർഷം മേയ് മാസം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുകയാണ്. |
| (ഡി) | പ്രവർത്തനങ്ങൾ അതിവേഗം പൂർത്തിയാക്കി സെറ്റിൽമെന്റ് ആക്ട് നടപ്പിലാക്കുവാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | അധിക ഭൂമിക്ക് നിയമപ്രാബല്യം നൽകാൻ കഴിയുന്ന തരത്തിൽ ഒരു സെറ്റിൽമെന്റ് ആക്ട് നടപ്പിലാക്കുന്ന വിഷയം സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ